പള്ളിവാസൽ, പന്നിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റുകളുടെ കോൺട്രാക്റ്റ്

*16 [396] ശ്രീ. കെ. മോഹൻകുമാർ:
" എം. കെ. പോൾസൺമാസ്റ്റർ:
" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എൻ. സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിക്ക് കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റുകൾ പുനരുദ്ധരിക്കുവാൻ കോൺട്രാക്റ്റ് നൽകിയത് മാനദണ്ഡങ്ങൾ പാലിക്കാതെയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഇതുമൂലം കെ.എസ്.ഇ.ബി.-ക്ക് എത്ര കോടി രൂപയുടെ സാമ്പത്തിക നഷ്ടം വന്നിട്ടുണ്ട്;

(സി) ഈ പദ്ധതിക്ക് നൽകിയ കോൺട്രാക്റ്റ് കെ. എസ്. ഇ. ബി. പുനഃപരിശോധിക്കുമോ;

(ഡി) പദ്ധതിയുടെ ഏത് ഘട്ടത്തിലാണ് കമ്പനിക്ക് കോൺട്രാക്റ്റ് നൽകിയത്;

(ഇ) എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് പുനരുദ്ധാരണത്തിനുള്ള കോൺട്രാക്റ്റ് നൽകിയ നടപടിയിൽ കെ.എസ്.ഇ.ബി.-ക്ക് വന്നിട്ടുള്ള സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദിയായവർക്കെതിരെ സി.ബി.ഐ. അന്വേഷണം ശുപാർശ ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്. ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(ബി) വിജിലൻസ് അന്വേഷണം പൂർത്തിയായതിന് ശേഷം മാത്രമേ, സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് അറിയാൻ കഴിയുകയുള്ളൂ.

(സി) കരാർ പ്രകാരമുള്ള ജോലികൾ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്തു കഴിഞ്ഞതിനാൽ കോൺട്രാക്റ്റ് പുനഃപരിശോധിക്കുന്ന കാര്യം ഉദിക്കുന്നില്ല.

(ഡി) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികൾ 40 മുതൽ 60 വർഷം വരെ പഴക്കം ചെന്നവയാണ്. കാലപ്പഴക്കം കാരണം ഇവയുടെ സാധാരണ പ്രവർത്തന കാലാവധി കഴിയുകയും, യന്ത്ര സാമഗ്രികളുടെ അടിക്കടിയുള്ള അറ്റകുറ്റപണികൾ, ബ്രേക്ക് ഡൗൺ എന്നിവമൂലം പദ്ധതികളുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ വരുകയും ചെയ്ത ഘട്ടത്തിലാണ് പദ്ധതികളുടെ നവീകരണത്തിനായി പ്രസ്തുത കമ്പനിക്ക് കരാർ നൽകിയത്.

(ഇ) ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.-ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വിജിലൻസ് അന്വേഷണം പൂർത്തിയായതിനുശേഷമേ വ്യക്തമാകൂ.

LIBRARY ARCHIVES Kerala Legislative Assembly